**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 478** **02-02-2023 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | 04.08.2018 തീയതിയിലെ സ.ഉ.(അച്ചടി) നം.119/2018/ധന ഉത്തരവിനെ അടിസ്ഥാനമാക്കിയാണ് എം.എൽ.എ ആസ്തി വികസന പദ്ധതി പ്രവർത്തികളുടെ നിർവ്വഹണം നടത്തുന്നത് . നിലവിൽ ടി ഉത്തരവിന് ഭേദഗതി വരുത്തിയിട്ടില്ലാത്തതാണ്. |
| (ബി) | പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം, റോഡ് റീ-ടാറിംഗ് എന്നിവ ആസ്തി വികസന പദ്ധതിയിൽ നടപ്പിലാക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖയായ 04.08.2018 തീയതിയിലെ സ.ഉ.(അച്ചടി) നം.119/2018/ധനഉത്തരവ് പ്രകാരം സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമായ മൈതാനങ്ങൾ, കളി സ്ഥലം എന്നിവയുടെ നിർമ്മാണം മാത്രമാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ 2022-23 ലെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 314 പ്രകാരം ഓരോ പഞ്ചായത്തിലും കളിസ്ഥലം എന്ന ലക്ഷ്യത്തിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവഹണ ഏജൻസി ആയ "ഗ്രാമീണ കളിസ്ഥല പദ്ധതിയിൽ" സ.ഉ.(അച്ചടി) നം.65/2022/ധന, തീയതി:13.06.2022 ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് ആസ്തി വികസന ഫണ്ട് കൂടി വിനിയോഗിക്കാവുന്നതാണ്.<br><br>സ.ഉ.(അച്ചടി)നം.119/2018/ധന, തീയതി:04.08.2018 ഉത്തരവ് പ്രകാരമുള്ള ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം റോഡ് റീ-ടാറിങ് അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ